ശ്രീ ശാരദ ഗേൾസ്
ഹയർ സെക്കന്ററി സ്കൂൾ

പുറനാട്ടുകര

# നക്ഷത്ര ശലഭം



# ആമുഖം

വിദ്യാഭ്യാസമെന്നത് ബുദ്ധിയേയും കർമശക്തിയും വളർത്തുക എന്ന് മാത്രമല്ല വിവക്ഷിക്കുന്നത്, മനുഷ്യന്റെ അന്തഃസത്തയെ വികസിപ്പിക്കുകയും ശുദ്ധമാക്കുകയും ചെയ്യുക, ചിന്തിക്കാനും ആധുനിക ജീവിതത്തിന്റെ സങ്കീർണമായ ഏറ്റെടുക്കാനും കഴിവുള്ളവരാക്കുക. ഇതിനെല്ലാം സാഹിത്യ പഠനവും ചരിത്ര പഠനവും കൂടിയേ തീരൂ. എന്നാൽ ഈ ആധുനിക യുഗത്തിൽ സാഹിത്യപഠനവും വായനയും കമ്പ്യൂട്ടറുകൾക്കും സെൽഫോണുകൾക്കും മുന്നിൽ അടിയറവ് പറഞ്ഞിരിക്കുകയാണ്.

വായനയും സാഹിത്യ പഠനവും സംരക്ഷിക്കാൻ ഇ-വായനയെ പ്രോത്സാഹിപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ലിറ്റിൽകൈറ്റ്സ് മാഗസിൻ എന്ന സംരംഭത്തിന് കഴിഞ്ഞിട്ടുണ്ട്.

ലിറ്റിൽകൈറ്റ്സ് എന്ന പദ്ധതിയുടെ ഭാഗമായി ശ്രീ ശാരദാ ഹയർ സെക്കൻഡറി സ്കൂളിലെ ആറാമത്തെ ഡിജിറ്റൽ മാഗസിൻ ആണ് "**നക്ഷത്ര ശലഭം**".

# സന്ദേശം

ശാസ്ത്രസാങ്കേതികവിദ്യകളുടെ വിശാല ലോകത്തിലേക്കുള്ള മാനവജാതിയുടെ കുതിപ്പിന് ആക്കം കൂട്ടിക്കൊണ്ടിരിക്കുകയാണ് വിവരസാങ്കേതിക വിദ്യ. ശ്രീ ശാരദ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ വിവര സാങ്കേതിക വിജ്ഞാന തല്പരരായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രസിദ്ധീകരിക്കുന്ന മാഗസിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. നമുക്കു മുന്നിൽ പ്രകടമായി നിൽക്കുന്ന നമ്മൾ കൂടി ഉൾക്കൊള്ളുന്ന ഈ മനോഹര പ്രപഞ്ചം എവിടെനിന്നു വന്നു? എവിടെ സ്ഥിതി ചെയ്യുന്നു? നാം കണ്ടു കൊണ്ടിരിക്കുന്ന സർവ്വതും എവിടെപ്പോയി മറഞ്ഞു കൊണ്ടിരിക്കുന്നു? അതിപുരാതനകാലത്ത് ഉണ്ടായ ഈ ചോദ്യത്തിന് നമ്മുടെ പൂർവികർ ഉത്തരം കണ്ടെത്തുകയും അതിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഒരു ജീവിതരീതിയിലൂടെ ഭാരത സംസ്കാരം രൂപം കൊള്ളുകയും ചെയ്തു. നമ്മുടെ സംസ്കാരത്തെ ഉജ്ജ്വലമാക്കാനും ദൃഢീകരിക്കാനും നാം ഓരോരുത്തരും ആ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കേണ്ടതുമാണ്. നിങ്ങളുടെ അറിവുകളുടെ ലോകം ആ ചിരപുരാതനവും എന്നാൽ ഓരോ മനുഷ്യനും സ്വയം ഉത്തരം കാണേണ്ടതുമായ ഈ സാർവ്വജനീനമായ ചോദ്യത്തിന് ഉത്തരം തേടാൻ സഹായകമാകട്ടെ എന്നാശംസിച്ചുകൊണ്ട്.....

സ്നേഹപൂർവ്വം

നിത്യാനന്ദപ്രാണ മാതാജി

സ്കൂൾ മാനേജർ

# സന്ദേശം

നാം ജീവിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരേണ്ടത് വളരെ ആവശ്യമാണ്. ആധുനിക സാങ്കേതികവിദ്യകളിൽ നൈപുണ്യവും വൈദഗ്ദ്യവുമുള്ളവരെ കണ്ടെത്തി പരിപോഷിപ്പിക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി രൂപപ്പെടുത്തിയ 'നക്ഷത്രശലഭം' എന്ന ഇമാഗസിൻ തികച്ചും വ്യത്യസ്തമാർന്ന ഒരു പഠനാനുഭവമായി തീരട്ടെ.

അറിവിന്റെ പടികൾ കയറുന്ന ഈ കുട്ടികൾക്കും അവർക്ക് കൈത്താങ്ങായ അധ്യാപകർക്കും എല്ലാ വിധ പ്രചോദനവും സ്നേഹവും....................

ബൗദ്ധികതയുടെയും സർഗാത്മകതയുടെയും സമന്വയമായ ഈ സംരംഭത്തിന് എല്ലാവിധ അഭിനന്ദനങ്ങളും.............

മൂല്യബോധവും കൂട്ടായ്മയും ഉയർന്ന ജീവിതവീക്ഷണവും ഉള്ള ഒരു പുതു തലമുറയായി തീരട്ടെ എന്നാശംസിച്ചുകൊണ്ട്

സ്നേഹത്തോടെ.........

പ്രധാനാധ്യാപിക

**സിന്ധു എസ്**

# താമരയിലെ പെൺകുട്ടി

ഒരിക്കൽ ഒരു ധനികനായ യുവാവുണ്ടായിരുന്നു. അദ്ദേഹത്തിന് ഒരു മകളുണ്ടായിരുന്നു. അവളുടെ പേര് ഒലീവിയ എന്നായിരുന്നു. പേര് പോലെ തന്നെ അവൾ അതീവസുന്ദരിയായിരുന്നു. ഭാര്യ മരിച്ചുപോയതിനാൽ അദ്ദേഹം രണ്ടാമത് ഒരു വിവാഹം കഴിച്ചു.അവർ ഒരു വൃത്തികെട്ടവളായിരുന്നു പേര് മേരി. അവർക്ക് ഒരു മകളുണ്ട്. മകളുടെ പേര് ആനി എന്നായിരുന്നു . രണ്ടാനമ്മക്ക് ഒലിവിയയെ ഇഷ്ടമല്ലായിരുന്നു. അതിനാൽ വീട്ടിലെ എല്ലാ ജോലിയും അവളെക്കൊണ്ട് മാത്രമാണ് ചെയ്യിപ്പിക്കുക. ഒരു ദിവസം ഒലിവിയയെ കൊണ്ട് പണിയെടുപ്പിക്കുന്നത് ധനികൻ കണ്ടു. അദ്ദേഹം മേരിയോട് ചോദിച്ചു എന്താണിത് ഒലിവിയയെ എന്തിനാണ് ഇങ്ങനെ കഷ്ടപ്പെടുത്തുന്നത്. അതിനെ എതിർത്താണ് മറുപടി നൽകിയത്. ആ ദേഷ്യത്തിൽ മേരി ഒലിവിയയെ പുഴക്കടവിലേക്ക് തുണികഴുവാൻ പറഞ്ഞുവിട്ടു. തുണിയുമായി ഒലിവിയ പുഴയിലേക്ക് ഇറങ്ങി. ആ സമയം മേരി അവളെ വെള്ളത്തിലേക്ക് തള്ളിയിട്ടു..അങ്ങനെ ഒലിവിയ വെള്ളത്തിൽ മുങ്ങിമരിച്ചു. ഒരു ദിവസം ഒരു രാജകുമാരൻ നായാട്ട് കഴിഞ്ഞ് ആ പുഴയുടെ അരികിലൂടെ വരുകയായിരുന്നു. അങ്ങനെ രാജക്കുമാരൻ പുഴയിലിറങ്ങി മുഖം കഴുകുകയായിരുന്നു അപ്പോൾ പുഴയിൽ നല്ല മനോഹരമായ ഒരു താമര കണ്ടു.താമര പറിക്കാനായി രാജകുമാരൻ അതിന്റെ അടുത്തേക്ക് നീങ്ങി. പക്ഷെ അടുത്തേക്ക് എത്തുംതോറും അത് നീങ്ങി നീങ്ങി പോയി. രാജകുമാരൻ ആ താമരയോട് ചോദിച്ചു എന്തുകൊണ്ടാണ് നീ ഞാൻ വരുമ്പോൾ നീങ്ങി പോകുന്നത്. താമര മറുപടി നൽകി. ഞാൻ ഒലിവിയ എന്ന പേരുള്ള പെൺകുട്ടിയാണ്. താമര മറുപടി നൽകിയത് കണ്ട് രാജകുമാരൻ ഞെട്ടിപ്പോയി. എല്ലാകാര്യവും വിശദമായി രാജകുമാരനോട് ഒലിവിയ പറഞ്ഞു. എല്ലാം മനസിലാക്കിയ രാജകുമാരൻ താമരയിലെ സുന്ദരിയെ സഹായിക്കാൻ തീരുമാനിച്ചു. അങ്ങനെ അവരുടെ വീട്ടിലേക്ക് പോകുകയും അതുപോലെ തന്നെ ആനിയെ വിവാഹംകഴിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ ഒരു ദിവസം ആനിയെയും കൂടെ മേരിയെയും കൂട്ടി രാജകുമാരൻ സ്വന്തം രാജ്യത്തേക്കപോകുന്ന വഴി ആ പുഴക്കടവിൽ വന്നു. പുഴയിലെ മനോഹരമായ താമരകണ്ട് ഇരുവരും മോഹിച്ചു. അമ്മയും മകളും പുഴയിൽ ഇറങ്ങി താമര പറിയ്ക്കാൻ അതിന്റെ അടുത്തേയ്ക്ക് ചെന്നു. പക്ഷെ അടുത്ത് ചെല്ലും തോറും താമര നീങ്ങി നീങ്ങി പോകാൻതുടങ്ങി. അവർ അതിന്റെ പിന്നാലെ ആഞ്ഞുപിടിച്ചു. താമര നീങ്ങി പുഴയുടെ നടുക്ക് എത്തിയത് അവർ അറിഞ്ഞില്ലായിരുന്നു. ഇരുവരും വെള്ളത്തിൽ മുങ്ങിമരിച്ചു. രാജകുമാരൻ അത് നോക്കിനിൽക്കെ പെട്ടന്ന് താമരയിൽ നിന്ന് സുന്ദരിയായ ഒലീവിയ പുറത്ത് വന്നു. അതിസുന്ദരിയായ ഒലീവിയെ കണ്ട് രാജകുമാരൻ ഞെട്ടിപ്പോയി. അധികം വൈകാതെ തന്നെ രാജകുമാരൻ ഒലീവിയെ വിവാഹം കഴിക്കുകയും ചെയ്തു. എന്നിട്ട് രാജകുമാരൻ ഒലീവിയെ തന്റെ രാജ്യത്തേക്ക് കൊണ്ടുപോകുകയും അവർ സുഖമായി ജീവിക്കുകയും ചെയ്തു.

**അഞ്ജന .പി.ആർ**
9 ബി

# കുട്ടിക്കാലം

ചിരിയായിരുന്ന ഭാഷ,
കണ്ണീരിന് പോലും
മധുരമുള്ള ശബ്ദം

ചെളിയിൽ കളിയിൽ കൈകൾ
നക്ഷത്രങ്ങളെ തൊടുമെന്ന്
വിശ്വസിച്ചിരുന്ന കാലം.

അമ്മയുടെ വിളി....
ലോകത്തിലെ ഏറ്റവും സുരക്ഷിതമായ
ശബ്ദമായിരുന്ന ദിവസങ്ങൾ.

വൈകുന്നേരങ്ങൾ
കഥകളായി നീളുകയും
രാത്രികൾ സ്വപ്നങ്ങളായി ചുരുങ്ങുകയും
ചെയ്തു.

ഇന്ന് ഓർമ്മകളായി മാത്രം ശേഷിച്ച
ആ കുട്ടിക്കാലം-
ഹൃദയം എന്നും
തിരികെ പോകാൻ ആഗ്രഹിക്കുന്ന
ഒരു നിസ്സാര സ്വർഗം.

അലീന കെ എ

# ജീവിതം

ഒരു ഗ്രാമത്തിന്റെ അതിരിൽ, പഴയ ഒരു ആൽമരത്തിന്റെ ചുവട്ടിൽ, രാമൻ എന്നും സന്ധ്യകളിൽ വന്ന് ഇരിക്കും.കൈയിൽ ഒരു പാട് ഓർമ്മകളും.ആളുകൾ ചോദിക്കും, "എന്താ രാമേട്ടാ, എന്നും ഇവിടെ ഒറ്റയ്ക്ക്?" അവൻ ചിരിച്ചു പറയും, "ജീവിതം ഓർക്കാൻ."

രാമന്റെ ജീവിതം എളുപ്പമല്ലായിരുന്നു. ചെറുപ്പത്തിൽ തന്നെ അച്ഛനെ നഷ്ടപ്പെട്ടു. പഠനം പാതിവഴിയിൽ നിർത്തി ജോലിക്കിറങ്ങേണ്ടി വന്നു. മഴയും വെയിലും കണക്കാക്കാതെ കഷ്ടപ്പെട്ടു. പലപ്പോഴും തോൽവികൾ മാത്രം. ചിലപ്പോൾ സ്വപ്നങ്ങൾ പോലും തളർന്നു വീണു. എന്നാൽ ഒരിക്കലും അവൻ പരാതി പറഞ്ഞില്ല. "ജീവിതം നമ്മളെ പരീക്ഷിക്കും," അച്ഛൻ പറഞ്ഞ വാക്കുകൾ അവൻ പഠിച്ചു; ജയിച്ച ദിനങ്ങളിൽ വിനയം കൈവിട്ടില്ല.

വർഷങ്ങൾ കടന്നു പോയി. കുട്ടികൾ വളർന്നു, വീട് നിറഞ്ഞു, പിന്നെ വീണ്ടും ശൂന്യത. അന്നാണ് രാമൻ ആൽമരത്തിൽ ചുവട്ടിൽ ഇരിക്കാൻ തുടങ്ങിയത്. ഓരോ ഇല വീഴുന്നതും അവനെ പഠിപ്പിച്ചു - എല്ലാം താൽക്കലികമാണ് എന്ന്.

ഒരു ദിവസം ഒരു കുഞ്ഞ് അവനോട് ചോദിച്ചു:

"അപ്പൂപ്പാ ജീവിതം എന്താണ്?"
രാമൻ ആൽമരത്തേക്ക് നോക്കി പറഞ്ഞു:
"ജീവിതം ഈ മരത്തെ പോലെയാണ് കുഞ്ഞേ. ഈ വേരുകൾ കഷ്ടപ്പാടും,തണ്ട് സഹനവും, ഇലകൾ സന്തോഷവും ചില ഇലകൾ വീഴും, പക്ഷേ മരം നിൽക്കും."

കുഞ്ഞ് ചിരിച്ചു ഓടി.രാമൻ ഡയറി അടച്ചു. അവന് മനസ്സിലായി- ജീവിതം ജയിക്കലല്ല, മുന്നോട്ട് നടക്കലാണ്.


ആര്യ പി എസ്



# സ്നേഹം

കടലിനെക്കാൾ ആഴമുള്ളതും
കടലിന്നഗാധ തലങ്ങളിൽ
വാഴുന്നതുമാണ്
സ്നേഹം
നഷ്ടപ്പെടുമ്പോഴോ  കിട്ടാതിരിക്കുമ്പോഴോ
വില മനസ്സിലാകുന്ന
ഒന്നു കൂടിയാണ്
സ്നേഹം

**അൽക സി**
9.എ



# പൂവ്

പ്രഭാതത്തിൽ മടിയിൽ ഉണർന്ന്
മഞ്ഞുത്തുള്ളികൾ മുത്തായി ധരിച്ചു,
നിശ്ശബ്ദമായി വിരിയുന്നൊരു പൂവ്
ഭൂമിയുടെ ഹൃദയത്തിൽ നിന്നൊരു പാട്ട്

ഇരുണ്ട മണ്ണിൽവേരൂന്നി നിന്നിട്ടും,
വെളിച്ചം തേടി തല ഉയർത്തി,
സൂര്യന്റെ ചൂടിൽ പുഞ്ചിരി ചാർത്തി,
ആകാശത്തോട് സ്വപ്നം പറഞ്ഞ പൂവ്

നിറങ്ങളിലൂടെ കഥകൾ എഴുതുന്നു ,
ഇന്ദ്രധനുസ്സിന്റെ ഓർമ്മകൾ പോലെ ,
കാറ്റിൻ ചുംബനം   ഏറ്റുവാങ്ങി ,
സൗരഭ്യം ലോകമാകെ വിതറി

പുലരിയിൽ പക്ഷികളുടെ പാട്ടിൽ,
താളം ചേർത്തൊരു നിശ്ശബ്ദത,
വഴിയേ പോകുന്ന മനസ്സുകൾക്ക്,
ഒരു നിമിഷം വിശ്രമം നൽകുന്നു

ഒരു പൂവ് മാത്രം മതിയല്ലോ
ലോകം മനോഹരമാകാൻ,
ചെറുതായിട്ടും മഹത്തായ,
സ്നേഹത്തിന്റെ അടയാളമായി



# ലഹരി

വേണം വേണം ജീവിത ലഹരി
വേണ്ട  വേണ്ട  മാരക ലഹരി
പുകയിലക്കെതിരെ പോരാട്ടം........
ലഹരിയെത്തുരത്തു അതിവേഗം

കളിയും ചിരിയുമാവണം  നമ്മുടെ ലഹരി
മാരകലഹരി വേണ്ട  നമുക്ക്
പുകയില ചങ്ങല തകർക്കണം
ലഹരിയെ ചങ്ങലയിലാക്കണം
പുകയില ചങ്ങലക്കെതിരെ പോരാടണം
പുകയിലയെ പൊരുതി തോൽപ്പിക്കണം
ലഹരി മാഫിയകളെ നമ്മുടെ മണ്ണിൽ തൊടാൻ
അനുവദിക്കരുതെ...പോരട്ടം വേഗം....

വേണം വേണം ജീവിതലഹരി
വേണ്ട വേണ്ട     മാരകലഹരി
ഭൂമിയുടെ പുകയില ചങ്ങല തകർത്തെറിയൂ
അതിവേഗം....
നമുക്ക് മോചനം വേണം ...
ആവശ്യമില്ലാത്ത കള്ളും കഞ്ചാവും വേണ്ട
നമുക്ക് ജീവിത ലഹരി മതി....

**ആരാധ്യ ടി പി**
**7 ബി**



# മുത്തശ്ശിയും മുല്ലയും

ഓർത്തിടുന്നു ഞാൻ എന്റെ ബാല്യത്തെ
ഓർമ്മ വച്ച കാലം മുതൽ കണ്ടു ഞാൻ
പൂത്ത് വിടരുന്ന എന്റെ മുല്ലത്തറ
ഓടിക്കളിച്ച കാലത്തിലറിഞ്ഞു ഞാൻ
ആർദ്രമാം അന്തരീക്ഷത്തിലാ - പൂമണം
കുളി കഴിഞ്ഞു ഞാൻ  കുഞ്ഞുടുപ്പിട്ടു
മുത്തശ്ശി കോർത്തൊരു പൂമാല വെച്ചു
പ്ലാവിലയിൽ തീർത്ത കുട്ടിക്കലവുമായി
മുല്ലത്തറയിൽ കളിവിരുന്നൊരുക്കി ഞാൻ

സന്ധ്യാ സമയമായ് മാനം കുങ്കുമ ശോഭയായ്
മുത്തശ്ശി തന്നൊരു സന്ധ്യത്തിരിയുമായ്
മുല്ലത്തറയിൽ ദീപം കൊളുത്തി ഞാൻ
നിർനിമേഷയായ് നിന്ന മുത്തശ്ശിയെന്തിനോ
കെട്ടിപ്പിടിച്ചെന്നെ വിതുമ്പിക്കരയുന്നു
എന്തിനേ മുത്തശ്ശി കരയുന്നതെന്തിന്
ഉത്തരം കിട്ടാത്ത ചോദ്യത്തിലായ് ഞാൻ
തൊട്ടു വണങ്ങി എന്റെ മുല്ലത്തറ
എന്തിനായ് മുത്തശ്ശി ഇങ്ങനെ ചെയ്യുന്നേ
ഉത്തരമെന്ന പോൽ കണ്ണിരാൻ തുള്ളികൾ മെല്ലെ വിതുമ്പി
ഉതിർന്നു വീണിടുന്നു
പിന്നീടൊരിക്കലും ചോദിച്ചില്ല ഞാൻ
എന്തിനേ മുത്തശ്ശി കരയുന്നതെന്തിനെ

കാലങ്ങൾ കാറ്റിന്റെ വേഗത്തിൽ പാഞ്ഞപ്പോൾ
അറിവിൻ പ്രകാശം എന്നിൽ ജ്വലിച്ചപ്പോൾ
ഞാനറിഞ്ഞീടുന്നു ആ പൂർണ്ണമാം സത്യത്തെ
എന്നമ്മ മുറ്റത്തെ മുല്ലയായ് തളച്ചു വളർന്നെന്ന്
ആർദ്രമാം ഈ പൂമണത്തിലിറങ്ങിടുന്നു
ഇന്നിതാ നിൽക്കുന്നു സന്ധ്യ തിരിയുമായ്
ഓർമ്മതൻ ഓളത്തിൽ കണ്ണീരിൻ മുത്തുമായ്
ആദ്യം തിരി വെച്ചു എന്റെ മുത്തശ്ശിക്കായ്
പിന്നെ തിരി വെച്ചു എന്റെ മുല്ലത്തറയിലും



- ആത്മ പ്രബിൻ

# കെണി


നല്ല വിശാലവും നിശബ്ദവുമായ ഒരു കാടുണ്ടായിരുന്നു.ആ കാട്ടിലെ മൃഗങ്ങൾ നല്ല സന്തോഷത്തോടെയായിരുന്നു ആ കാട്ടിൻ ജിവിച്ചിരുന്നത് . കാട്ടിനുള്ളിലായി വലിയോരു ഇലഞ്ഞിമരമുണ്ടായിരുന്നു. അതിനടിയിൻ ഒരു മാളമുണ്ടായിരുന്നു ആ മാളത്തിലായിരുന്നു മുയലുകൾ താമസിച്ചിരുന്നത്. ഒരമ്മ മുയലും അച്ഛൽ മുയലും. പിന്നെ അവരുടേ രണ്ട് കുട്ടികളും. ഒരു കൊച്ചു കുടുംബമായിരുന്നു അത് . ആ കാട്ടിലേ തന്നേ വളരെ സന്തോഷത്തോടെ ഉണ്ടായിരുന്നത് ഈ കൊച്ചു കുടുംബമായിരുന്നു. മുയൽകുട്ടികളുടെ പേര് ചിൻഡു ,ചിട്ടി എന്നായിരുന്നു. ഇരുവരും നല്ല വികൃതികളായിരുന്നു പക്ഷെ അവരുടെ അമ്മക്കും അച്ഛനും അവർ പൊന്നോമനകളാണ്. ഒരു ദിവസം ഉൾക്കാട്ടിൽ നിന്ന് ഒരു സിംഹം പുറം കാട്ടിലേക്ക് ഇറങ്ങി വന്നു. കാടിന്റെ നിശബ്ദത അവസാനിച്ചതു പൊലെയായി. കാട്ടിലുണ്ടായിരുന്ന എല്ലാ മൃഗങ്ങളും മാളങ്ങളിലും മറ്റും ഒളിച്ചിരുന്നു. അമ്മമുയലും കുട്ടികളും മാളത്തിലിരുന്ന് കളിക്കുകയായിരുന്നു അപ്പോൾ അച്ഛൻമുയൽ മാളത്തിലേക്ക് ഓടിക്കയറി. കിതച്ചുനിൽക്കുന്ന അച്ഛൻമുയലിനോട് അമ്മമുയൽ ചോദിച്ചു 'എന്ത് പറ്റി' പേടിയോടെ അച്ഛൻ മുയൽ മറുപടി നൽകി ഉൾക്കാട്ടിൽ നിന്ന് സിംഹം പുറംക്കാട്ടിലിറങ്ങി കാണുന്ന മൃഗങ്ങളെ ആ സിംഹം കൊന്നു തിന്നുന്നു . അങ്ങനെ അവർ തമ്മിൽ സംസരിച്ച് നിന്നുപോയി. അപ്പോളാണ് അമ്മമുയൽ ശ്രദ്ധിച്ചത് തന്റെ മക്കൾ വീട്ടിൽ നിന്ന് പുറത്തിറങ്ങി എന്ന്. അവർ പരിഭ്രമിച്ചുപ്പോയി അച്ഛൻ മുയൽ കുഞ്ഞുങ്ങളെ അന്വേഷിച്ചു മാളത്തിൽനിന്ന് പുറത്തിറങ്ങി. ഇതേ സമയം ചിൻഡുവും ചീട്ടിയും കളിച്ചുചിരിച്ചു കാട്ടിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് അവർ ആ കാഴ്ച്ച കണ്ടത് തന്റെ കൂട്ടുകാരനായ മാനിനെ സിംഹം കടിച്ചുമുറിച്ചു തിന്നുന്നത്. അവർക്ക് അത് സഹിക്കാൻ പറ്റിയില്ല. അങ്ങനെ സിംഹത്തിനു ഒരു പണികൊടുക്കാൻ തീരുമാനിച്ചു. ഇരുവരും എന്തു ചെയ്യും എന്ന് ചിന്തിക്കാൻ തുടങ്ങി. അപ്പോൾ ചിട്ടി പറഞ്ഞു കഴിഞ്ഞ ദിവസം ഞാൻ കാട്ടിലൂടെ നടക്കുകയായിരുന്നു അങ്ങനെ പോകുന്ന വഴിക്ക് വലിയൊരു മരം കണ്ടു അതിന്റ താഴെ വലിയൊരുകുഴിയുണ്ട് അത് ഒരു വേട്ടക്കാരനാണ് കുഴിച്ചത്. ഇത് കേട്ടതും ചിൻഡുവിന് ഒരു ഐഡിയ വന്നു. ചിൻഡു തന്റെ ഐഡിയ ചിട്ടിക്കും പങ്കുവച്ചു. ഇരുവരും സിംഹത്തിന്റെ അരികിൽ ചെന്ന് ഒച്ചവച്ചു. സിംഹമാണേൽ പാവം ഉറങ്ങുകയായിരുന്നു. ശബ്ദം കേട്ട് ഞെട്ടി ചാടി എഴുന്നേറ്റ് അവർക്കു നേരെ കുതിച്ചു. ഇരുവരും ജീവനും കൊണ്ട് ഓടി. ആ വലിയ കുഴിക്കു നേരെയാണ് അവർ ഓടിയത് അതിനുമുകളിൽ അവർ വിറക് വച്ചിട്ടുണ്ടായിരുന്നു. അതിനു മുകളിൽ അവർ കയറി നിന്നു സിംഹം വന്നതും അവർ മാറി ഭാരം കാരണം സിംഹം കുഴിയിലുമായി. അച്ഛൻമുയൽ വന്നപ്പോൾ കണ്ടത് അതാണ്. അച്ഛൻമുയൽ കുട്ടികളെ വിലക്കി നമ്മൾ ആരെയും ഉപദ്രവിക്കരുത് എന്ന്. കാട്ടിലെ എല്ലാ മൃഗങ്ങളും കൂടി സിംഹത്തെ കുഴിയിൽ നിന്ന് പുറത്തിറക്കി. അങ്ങനെ തെറ്റ് മനസിലാക്കി സിംഹം അവിടെ നിന്ന് ഓടിപ്പോയി.....

ബാലഭദ്ര ബാലു

# കാത്തിരിപ്പ്

ഋതുക്കൾ  മാറിവന്നതൊന്നും
അവളറിഞ്ഞിരുന്നില്ല....
അവൾ  കാത്തിരിപ്പിലായിരുന്നു....
വരില്ലെന്നറിയുമെങ്കിലും
വെറുതെ ആശയോടെ,
വേദനയോടെയുള്ള  കാത്തിരിപ്പ്....
തിരിച്ചു വരുമെന്ന ഉറപ്പോടെ
അയാൾ  പോയപ്പോൾ....
അവളറിഞ്ഞിരുന്നില്ല
വേദനയുടെ പടുകുഴിയിലേക്കുള്ള
ആദ്യ കാൽവെപ്പാണതെന്ന്....

സംഗീത 9 സി



# മഴത്തുള്ളി






മഴത്തുള്ളി വീഴുമ്പോൾ
മണ്ണിന് മണവാസന;
മനസ്സിൻ കോണിൽ നിൽക്കുന്നു
മറന്നുപ്പോയ സ്വപ്നങ്ങൾ

കാറ്റിൻ പിറകിൽ പറന്നു
കുട്ടിക്കാലം തിരികെ വന്നു;
ചില്ലുപാളിയിൽ തട്ടുന്ന നാദം
ഹൃദയത്തിനൊരു താളമായി

മഴ നിർത്തിയ ശേഷവും
നനവായി ഓർമ്മകൾ
ജീവിതം പൊലെ തന്നെ
സുഖവും ദുഃഖവും ചേർന്നൊരു ഗാനം

# സ്വപ്നം

ഹൃദയത്തിന്റെ
കോണിലൊരു സ്വപ്നം
മിണ്ടാതെ വളരുന്നു
സമയം വന്നാൽ അതുതന്നെ
നിന്റെ ശക്തിയായി മാറുന്നു
കാത്തിരിപ്പിന്റെ നിശ്ശബ്ദതയിൽ
ധൈര്യം പതിയെ പിറകുന്നു



# തുടച്ചു നീക്കാം ലഹരിയെ

നീ തന്നെ നിൻ  ആയുസ്സിൻ
ദിനങ്ങൾ കുറക്കുന്നിതെന്തിനു സോദരാ.
നിന്നെ പെറ്റൊരു അമ്മതൻ
കണ്ണീരിനെന്തു വില നീ കൽപ്പിക്കുന്നു...
മരക വിഷമാം ലഹരികൾക്കെന്തിനു
പിന്നെയും പിന്നെയും നീ അടിമപ്പെടുന്നു.
നിൻ തലച്ചോറിലെ നാഡി - ഞരമ്പുകൾ അത്
കാർന്നു തിന്നുന്നത് നീ അറിയുന്നില്ലേ...
നീ ലഹരിക്കെണിയിൽ വീഴുന്നതും
നോക്കി നിൽപ്പൂ ദുഷ്ട സന്തതികൾ..
വൈവിധ്യമാർന്ന പലതരം രുചികളാൽ
അടിമപ്പെടുത്തുന്നു അവർ നിന്നെ...
പല പല മിഠായി രൂപത്തിലുള്ളവ
നിൻ  തലച്ചോറിനെ മാറ്റി മറക്കുന്നു...
നിൻ ദേഹമാസകലം നിയന്ത്രണമില്ലാതെ
ചെയ്തു കൂട്ടുന്നു അനീതികൾ......
കൊല്ലുന്നു തല്ലുന്നു അമ്മയേയും അച്ഛനെയും
ഓർക്കുന്നില്ല അവർ ദൈവങ്ങളാണിവർ.......

ഗൗതമി ഉണ്ണികൃഷ്ണൻ
9സി



# ജീവിതം

ചില രാത്രികൾ
നിശബ്ദമായി  നമ്മെ മൂടും
ചോദ്യങ്ങളായി മാറിയ
ഓർമ്മകളുടെ ഭാരം കൊണ്ട്

പറയാതെ പോയ വാക്കുകൾ
മനസ്സിൽ കിടന്നു കരയും
വിശ്വസിച്ച കൈകളുടെ
ശൂന്യതയിൽ തണുത്ത്

സ്വപ്നങ്ങൾ
പാതിവഴിയിൽ വീണു
ചാരമായി മാറിയ
നാളെയുടെ പ്രതീക്ഷകൾ പോലെ

കണ്ണീർ പോലും
ഒരിക്കൽ മടുത്താൽ
ഹൃദയം
മരണത്തിലേക്ക് പിന്മാറും

എന്നാലും
ഏറ്റവും ഇരുണ്ട രാത്രിക്കുള്ളിൽ
പുലരിയുടെ
ഒരു ശ്വാസം ഇനിയും ബാക്കിയുണ്ട്.


**രഹന ബെന്നി**

9 ഡി

# പൂമ്പാറ്റ



പാറി പാറി പാറി നടക്കും
തോട്ടം നിറയെ പൂമ്പാറ്റ
കറുത്തനിറവും മഞ്ഞനിറത്തിൽ
തലയെടുപ്പിള്ള പൂമ്പാറ്റ
പൂക്കൾ തോറും തേനുകൾ നുകരും
പൂന്തോട്ടത്തിൽ പൂമ്പാറ്റ
ഇലകൾക്കിടയിൽ തൂങ്ങിക്കളിക്കും
മാമ്പൂനിറത്തിലൊരുപൂമ്പാറ്റ
ഇലകൾക്കുള്ളിൽ കൂടുണ്ടാക്കി
പുഴുവായിരിക്കും പൂമ്പാറ്റ
കണ്ണഞ്ചിക്കും വർണ്ണനിറത്തിൽ
പാറി പറക്കും പൂമ്പാറ്റ
മാനവമനസ്സിൽ ആനന്ദത്താൽ
കണ്ണുകുളിർക്കും പൂമ്പാറ്റ
കാടും മേടും പാറിനടന്ന്
തേൻ നുകരും പൂമ്പാറ്റ
വർണ്ണശബള ശോഭയിൽ നിൽക്കും
തിളക്കമാർന്ന പൂമ്പാറ്റ
പൂക്കൾക്കിടയിൽ പൂക്കൾ പോലെ
നിറഞ്ഞു നിൽക്കും പൂമ്പാറ്റ



-ജീജ ജി കൃഷ്ണൻ

# അനുവിന്റെ അതിജീവനം

പണ്ട് ഒരു ഗ്രാമത്തിൽ ഒരു കൊച്ചുവീടുണ്ടായിരുന്നു. ദാരിദ്ര്യം നിറഞ്ഞ ആ കുടുംബത്തിൽ ഒരമ്മയും രണ്ടു മക്കളും അവരുടെ മുത്തശ്ശിയുമായിരുന്നു. അബിന എന്നായിരുന്നു ആ കുട്ടികളുടെ അമ്മയുടെ പേര്. അനു 5ാം ക്ലാസിലും അപ്പു 2ാം ക്ലാസിലുമായിരുന്നു.മുത്തശ്ശി വയ്യാതെ കിടപ്പിലാണ്. രാവിലെ എഴുന്നേറ്റ് അബിന വീട്ടിലെ എല്ലാകാര്യങ്ങളും ചെയ്ത് മറ്റു വീടുകളിൽ പോയി പണിയെടുക്കുമായിരുന്നു. രണ്ടുമക്കളെയും പഠിപ്പിക്കാൻ പ്രാപ്തിയില്ലാത്തതിനാൽ അപ്പുവിനെ മാത്രമാണ് സ്കൂള്ൽ പറഞ്ഞു വിടുന്നത്. അനു വീട്ടിലിരുന്നു മുത്തശ്ശിയെ നോക്കുമായിരുന്നു. വൈകുന്നേരം ആകുമ്പോൾ സ്കൂളിൽ പോയി അപ്പുവിനെ കൂട്ടിക്കൊണ്ടു വരുകയും ചെയ്യും. അങ്ങനെയിരിക്കെ ഒരു ദിവസം അമ്മയ്ക്കു സുഖമില്ലാതെ വന്നു. അനങ്ങാൻപോലും വയ്യാത്ത അവസ്ഥയായി അമ്മയ്ക്ക് വയ്യാതായതിനുശേഷം വീട്ടിൽ ദാരിദ്ര്യം കൂടിവന്നു. അങ്ങനെ അനു അമ്മയ്ക്ക് പകരം വീടുകളിൽ പോയി പണിയെടുക്കാൻ തുടങ്ങി. ദിവസങ്ങൾ പോകും തോറും അബിനിയുടെ ആരോഗ്യം മോശമായി തുടങ്ങി. ആശുപത്രിയിൽ പോവാൻ അവളുടെ കൈയിൽ പൈസയില്ലായിരുന്നു. ഒരു ദിവസം അനു അപ്പുവുമായി തിരിച്ചുവന്ന് അമ്മയുടെ അടുത്തു ചെന്നപ്പോൾ യാതൊരനക്കവും അമ്മയ്ക്കുണ്ടായിരുന്നില്ല. ഭർത്താവ് മരിച്ചതിനു ശേഷം മക്കളെ കഷ്ടപ്പെട്ട് നോക്കിയിരുന്നത് അവരായിരുന്നു. പക്ഷെ ഇപ്പോൾ അവർ കുഞ്ഞുങ്ങളെവിട്ടു ദൂരേക്ക് മാറിമറഞ്ഞു. അമ്മ മരിച്ചതിനു ശേഷം തളരാതെ അനു ചെയ്യുന്ന കാര്യങ്ങൾ തുടർന്നു കൊണ്ടിരുന്നു. എപ്പോഴും അവൾക്ക് ഓരോരോ സങ്കടങ്ങൾ മാറിമാറി വരും അപ്പോൾ അവൾ അമ്മയെ ഓർത്തു ഇരുന്നു കരയുമായിരുന്നു. എന്നത്തെയും പോലെ ഒരു ദിവസം എല്ലാ പണിയും ചെയ്ത് കിട്ടിയ പൈസ കുടുക്കയിലിട്ട് അനു അപ്പുവിനെ വിളിക്കാൻ സ്ക്കൂളിലേക്ക് പോയി. അപ്പോൾ അവിടെ ഉണ്ടായിരുന്ന സീത ടീച്ചർ ഇവളെ കണ്ട് അമ്പരന്നു നിന്നു. കാരണം പഠിക്കുന്ന പ്രായത്തിൽ പഠിക്കാതെ ഇങ്ങനെ ജീവിക്കുന്നതാണ്. സീത ടീച്ചർക്ക് ആ കുട്ടിയുടെ ദയനിയമായ അവസ്ഥ കണ്ടപ്പോൾ സഹിക്കാൻ പറ്റുന്നില്ലായിരുന്നു. അനു അപ്പുവിനെയും വിളിച്ച് പോകുവാനൊരുങ്ങുമ്പോൾ സീതടീച്ചർ അനുവിനെയും അപ്പുവിനെയും വിളിച്ചു. അവരുടെ അടുത്തു ചെന്ന് കുറച്ചു പൈസയെടുത്ത് അനുവിനുനേരെ നീട്ടി എന്നിട്ട് പറഞ്ഞു ഇത് കൈയിൽ വെച്ചോളൂ ആവശ്യം വരും. അനു അത് നിരസിച്ചു. എനിക്ക് പൈസയൊന്നും വേണ്ടാ ടീച്ചർ ഞാൻ പണിയെടുത്തു കിട്ടുന്നതു മതിയാവും അത് ടീച്ചർ ടീച്ചറുടെ കൈയിൽ വെച്ചോളൂ. ടീച്ചർ അതിനു മറുപടി നൽകി. എന്നാൽ ശരി പൈസ വേണ്ടെങ്കിൽ വേണ്ട നിനക്ക് സ്ക്കൂളിൽ വന്നൂടെ ചേച്ചിക്കും അനിയനും ഒന്നിച്ചു പഠിച്ചൂടെ എന്നായിരുന്നു ടീച്ചറുടെ മറുപടി. അനു അതിനെ ആദ്യം വിസമ്മതിച്ചു. പക്ഷെ ടീച്ചർ ഇതുതന്നെ പിന്നെയും തുടർന്നു. ഞാൻ സ്ക്കൂളിൽ വന്നാൽ വീട്ടിലെ കാര്യങ്ങൾ എന്തു ചെയ്യും ടീച്ചർ അനു പറഞ്ഞു. പിന്നെയും ടീച്ചർ ഇതു മാത്രമാണ് പറഞ്ഞത് ഒടുവിൽ അവൾ അതിനു സമതിച്ചു. സീതടീച്ചർ അനുവിനു വേണ്ടി അഡ്മിഷനും ശരിയാക്ക.ി പിറ്റെ ദിവസം രാവിലെയെഴുന്നേറ്റ് വീട്ടിലെ എല്ലാ പണിയും ചെയ്ത് മുത്തശ്ശിക്ക് ആവശ്യമായ ആഹാരം തയ്യാറാക്കി അരികിൽ വച്ച് ഇരുവരും

സ്ക്കൂളിലേക്ക് യാത്രയായി. സ്ക്കൂളിലേക്കുള്ള ചിലവുമാത്രം ടീച്ചർ അവർക്ക് ചെയ്തു കൊടുത്തു.അങ്ങനെ അവൾ നന്നായി പഠിക്കാൻ ആരംഭിച്ചു.എഴുത്തും വായനയും അവളുടെ ഉള്ളിൽ തുളുമ്പാൻ തുടങ്ങി. സ്ക്കൂളു വിട്ടു വന്നാൽ അവൾ പതിവുപ്പോലെ വീടുകളിൽ പോയി പണിയെടുക്കുമായിരുന്നു. എല്ലാ പണിയും അവസാനിച്ച് വീട്ടിൽ വന്നതിനു ശേഷം കഥയെഴുതാൻ തുടങ്ങി. അവൾ അങ്ങനെ കഥയെഴുത്ത് ജീവിതത്തിലെ ഒരു ഭാഗമാക്കി മാറ്റുകയും ചെയ്തു. ഒരു ദിവസം അപ്പു ആ കഥകൾ അനു കാണാതെ സീതടീച്ചറുടെ കൈയിൽ കൊടുത്തു. ടീച്ചർ അതു മുഴുവനു വായിച്ചു. പിന്നെ ടീച്ചർ അതു മുഴുവൻ ഒരു ബുക്കായി മാറ്റുകയും ചെയ്തു. ഇത്രയും കഷ്ടപ്പാടിനിടെ അവളുടെ ഉള്ളിലുണ്ടായിരുന്ന ധൈര്യം അവളെ തളരാതെ കാത്തു. ഇപ്പോൾ അവൾ ലോകമറിയുന്ന എഴുത്തുകാരിയായി മാറി.

ജ്യോതിശ്രീ .കെ.കെ



# സഖാവ്

വാകകൾ  പൂക്കുന്നോരാ വഴിയിൽ
ചെങ്കൊടി എന്തിനിൽക്കും
സഖാവിനെ കണ്ടന്നു ഞാൻ
നാളേറെയായ്  ഞാൻ കാത്തിരുന്നിട്ടും
വന്നില്ല ഇന്നെൻ സഖാവ്.....

കൊല്ലപരീക്ഷയടുക്കാറായ് സഖാവേ നീ
കൊല്ലം മുഴുക്കയും ജയിലിലിലാണോ
ചെയ്യാത്ത കുറ്റത്തിനായി നീ എന്തിനേ
ജയിലിൽ കിടന്നു നീറിടുന്നു.....

വരാതെപോകില്ല നീ എന്ന  വിശ്വാസത്തിൽ
കാത്തിരുന്നു ഞാനീ നാളിത്രയും
ചെന്നു ഞാൻ സഖാവിന്നരികിലേക്കെന്നിട്ടു ചൊല്ലീ
എനിക്കീ സഖാവിന്റെ സഖിയാകണം
എനിക്കീ  സഖാവിന്റെ  സഖിയാകണം.....

ഗൗതമി  ഉണ്ണികൃഷ്ണൻ 9 C

# വിജയം

കൈയെത്താദൂരത്താണ്
ആകാശം

കണ്ണെത്താദൂരത്താണ്
നക്ഷത്രം

മനോധൈര്യമുണ്ടെങ്കിൽ
എത്ര ദൂരെയായാലും

വിജയം നമ്മുടെ കൈക്കുമ്പിളിൽ

ഹരിപ്രിയ പി എസ്

9 എ

# അച്ഛൻ

എന്നും പടിക്കലേക്കോടിയെത്തുന്ന
ഞാൻ
കാത്തിരിക്കുന്നതൊരാളെ
കൈയ്യിൽ പൊതിയുമായ്
പടികടന്നെത്തുമെന്നച്ഛനെ
കാത്തിരിക്കുന്നൂ ഞാൻ...
വന്നാലുടൻ എന്നെ വാരി
പുണർന്നൊരു
മുത്തം തരുമെന്നുമെന്നച്ഛൻ
കൈയ്യിലെ പൊതി നീട്ടി
കണ്ണിറുക്കിക്കാട്ടും
അച്ഛനാണെന്നുമെൻ പ്രിയ
തോഴൻ....
അച്ഛനാണെന്നുമെൻ പ്രിയ
തോഴൻ....

അഞ്ജന പി ആർ

# ഭൂമി

പച്ചപ്പിന്റെ നെഞ്ചിലുറങ്ങി
പ്രഭാതം പതുങ്ങി ചിരിക്കുന്നു
മഞ്ഞുതുള്ളികൾ പൂവിന്റെ ചുണ്ടിൽ
നിശ്ശബ്ദമായൊരു പ്രാർത്ഥന പോലെ

കാറ്റ് കഥ പറയുന്നു ഇലകളോട്,
കാലത്തിന്റെ പഴയ രഹസ്യങ്ങൾ
നദി പാടുന്നു യാത്രയുടെ ഗാനം
തീരങ്ങളോട് വിടപറഞ്ഞ്...........



# ☻ കൂട്ടുകാരി ☻

വാക്കുകളില്ലാതെ തന്നെ
എന്റെ മൗനം
വായിച്ചറിയുന്നവൾ....

കണ്ണീരിന് മുൻപേ
പുഞ്ചിരി
തേടി തരുന്നവൾ....

എന്റെ രഹസ്യങ്ങൾ
ഭാരമാകാതെ
ഹൃദയത്തിൽ
സൂക്ഷിക്കുന്നവൾ....

തെറ്റുകളിൽ
കയ്യൊഴിയാതെ
സത്യം പറഞ്ഞു
കൂടെ നിൽക്കുന്നവൾ....

അവൾ
ഒരു കൂട്ടുകാരി അല്ല
എന്റെ സന്തോഷങ്ങളുടെ
കലവറയാണ്....



# മഴ

പുലരിയിൽ  പൂക്കുന്ന
ഒരോ വസന്തത്തിലും
കോരിചൊരിയുന്ന
ഋതു ഹർഷം പോലെ മഴ
കോരി ചൊരിയുന്നത്
പൂക്കൾ വർഷിക്കുമ്പോൾ
അതിലെ പൂക്കളിൽ
ഒരോ ഋതുക്കളും പൊഴിക്കുന്നത്
ആ വസന്തത്തിലെ
പൂക്കളിൽ വസിക്കുന്ന മഴ ആണ്

ദേവികൃഷ്ണ സി സ്
9 എ



# അച്ഛൻ

ആർക്കാണ് പെൺമക്കളുടെ മനസ്സിൽ
ഒന്നാം സ്ഥാനം?
ഒരു സംശയവുമില്ല
അത് അച്ഛനാണ്
സൂര്യൻ ഉദിക്കുമ്പോൾ ജോലിക്കായ്
പോകുന്ന അദ്ദേഹം
സൂര്യൻ അസ്തമിച്ചതിനുശേഷം
രാത്രിയാവാറുമ്പോൾ തിരികെ
എത്തുന്നു.

മക്കളുടെ ആഗ്രഹങ്ങൾ
സാധിച്ചുകൊടുക്കാൻ തന്റെ
ജീവൻ പോലും ബലി നൽകുന്നു
അച്ഛൻ തുല്യം അച്ഛൻ മാത്രം............



ബെൽവി പി ബി 9സി

# അമ്മ

നമ്മൾ ജനിച്ചാൽ ആദ്യം
പറയും അമ്മയെന്ന്
അമ്മയോളം വേറെ
എന്തുണ്ട് പറയാനായി

സ്നേഹം തുളുമ്പും
കളങ്കമില്ല മനസ്സായ
എന്നമ്മയെ കാണാൻ എന്തുഭംഗി

ഭൂമിയെ ചുറ്റുന്ന ചന്ദ്രനെ
പോലെ
അമ്മയെ ചുറ്റാത്ത
മക്കളുണ്ടാവില്ല....
അമ്മയ്ക്ക് തുല്യം അമ്മ മാത്രം....

ജോവീന എ ജെ
9 സി



# പൂവ്

ചെറിയൊരു പൂവ്
മണ്ണിൽ വിരിഞ്ഞു
കാറ്റിനൊപ്പം തിളങ്ങി
കുഞ്ഞുപൂവ്


നിറങ്ങളുമായി
സൗമ്യമായി
ലോകത്തോട് പറഞ്ഞു
സ്നേഹം മാത്രം

സൂര്യനെ നോക്കി
തലയുയർത്തി
കാറ്റിനോപ്പെം തിളങ്ങി
കുഞ്ഞുപൂവ്

ചെറിയൊരു പൂവ്
മണ്ണിൽ വിരിഞ്ഞു
കാറ്റിനൊപ്പം തിളങ്ങി
കുഞ്ഞുപൂവ്

പൂവ്
ചെറിയൊരു പൂവ്
പല നിറങ്ങളുമായി
സുന്ദരമായ പൂവ്

ശ്രീബാല
9 സി




# ലിറ്റിൽ കൈറ്റ്സ്
# ബാച്ച് 2024-27